27.12.97-ൽ ഒരു സപ്ലിമെന്ററി എഴുത്തു പരീക്ഷയും നടത്തിയിരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചു വരുന്നു.

ഗവൺമെന്റ് പ്രസ്സുകളിലെ കോപ്പി ഹോൾഡർ തസ്തികയിലേയ്ക്കുള്ള നിയമനം

71 (782) ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ. ബാബു :

ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ കോപ്പി ഹോൾഡർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. ഏറ്റവും ഒടുവിൽ ലിസ്റ്റ് തയ്യാറാക്കിയതെന്നാണ്;

(ബി) ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(സി) ഈ തസ്തികയിലേയ്ക്ക് നിലവിലുള്ള ലിസ്റ്റിൽനിന്ന് നിയമിക്കപ്പെട്ടവരിൽ പ്രിന്റിംഗ് ടെക്നോളജിയിൽ യോഗ്യത നേടിയവരിൽ എത്രപേരുണ്ട്;

(ഡി) ഈ പരീക്ഷയ്ക്ക് ചോദ്യപേപ്പർ സെറ്റ് ചെയ്തതു മുതലുള്ള എല്ലാ കാര്യങ്ങളെപ്പറ്റിയും അന്വേഷിക്കുകയും ക്രമക്കേടെന്തെങ്കിലും ഉള്ള പക്ഷം അതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) അച്ചടി വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് അനുസരിച്ച് താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

1. എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

2. അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള പ്രിന്റിംഗ് ടെക്നോളജിയിലുള്ള ഡിപ്ലോമാ ഉണ്ടായിരിക്കണം. അല്ലെങ്കിൽ കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ. പ്രൂഫ് റീഡേഴ്സ് വർക്ക് ലോവറും കമ്പോസിറ്റേഴ്സ് വർക്ക് ലോവറും പാസ്സായിരിക്കണം.

(സി)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

റവന്യൂ ഡിപ്പാർട്ട്മെന്റിൽ വില്ലേജ്മാൻ തസ്തിക

72(783) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റവന്യൂ ഡിപ്പാർട്ട്മെന്റിലെ വില്ലേജ്മാൻ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി ടെസ്റ്റ് നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly